**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5764** **08-07-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ വിഹിതം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റേഷൻ കടകളിലൂടെ വിവിധ വിഭാഗങ്ങൾക്ക് നൽകിവരുന്ന ഭക്ഷ്യവിഹിതം നിലവിലുള്ളതിനെക്കാൾ വർദ്ധിപ്പിച്ച് റേഷൻ സംവിധാനത്തെ മെച്ചപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ? | (എ) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള വിതരണത്തോത് പ്രകാരമാണ് സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ കാർഡുകാർക്ക് (എ.എ.വൈ, പി.എച്ച്.എച്ച്) പ്രതിമാസ കണക്കിൽ റേഷൻ വിതരണം ചെയ്ത് വരുന്നത്. പ്രസ്തുത വിതരണത്തോതിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്.<br><br>കേന്ദ്രസർക്കാർ അനുവദിക്കുന്ന Tide-over അലോട്ട്മെന്റിൽ നിന്നാണ് പൊതുവിഭാഗം റേഷൻകാർഡ് ഉപഭോക്താക്കൾക്ക് ഭക്ഷ്യധാന്യ വിതരണം നടത്തുന്നത്. Tide-over അലോട്ട്മെന്റിൽ കേന്ദ്രം കുറവ് വരുത്തിയിട്ടുള്ളതിനാൽ ടി വിഹിതം വർധിപ്പിച്ച് നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് നിരവധി തവണ അഭ്യർത്ഥിച്ചെങ്കിലും അനുകൂല നടപടി ഉണ്ടായിട്ടില്ല.<br><br>വിതരണത്തോതും അതിനനുസൃതമായി ഭക്ഷ്യധാന്യ വിഹിതവും കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ച് നൽകിയാൽ മാത്രമേ നിലവിൽ വിതരണം ചെയ്യുന്നതിനേക്കാൾ അധികമായി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ